പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ 1553

02-07-2015 ൽ മറുപടിക്ക്

## എലത്തൂർ അഗ്രോ സർവ്വീസ് സെന്റർ

ചോദ്യം

ശ്രീ.എ.കെ. ശശീന്ദ്രൻ

ഉത്തരം

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) 2014-15 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ അനുവദിക്കപ്പെട്ട അഗ്രോ സർവ്വീസ് സെന്ററിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ; | (എ) | 2014-15 വർഷത്തിൽ കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ അഗ്രോ സർവ്വീസ് സെന്റർ അനുവദിച്ചിട്ടില്ല. |
| ബി) അഗ്രോ സർവ്വീസ് സെന്റർ മുഖാന്തിരം എന്തെല്ലാം സേവനങ്ങളും സഹായങ്ങളുമാണ് കർഷകർക്ക് ലഭിക്കുക എന്ന് വെളിപ്പെടുത്താമോ? | (ബി) | 1. തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിന് പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ സേവനം അഗ്രോ സർവ്വീസ് കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നു.<br>2. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യമായ വിവിധ ഉത്പാദനോപാധികൾ ഈ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നു.<br>3. മണ്ണ് പരിശോധന, രോഗകീടങ്ങളുടെ സാന്നിദ്ധ്യം എന്നിവ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ ഫാം ക്ലിനിക്ക് വഴി നിർദ്ദേശിക്കുന്നു.<br>4. കാർഷിക വായ്പ, വിലനിലവാരം, വിപണനം, കാലാവസ്ഥ വ്യതിയാനം, എന്നിവ സംബന്ധിച്ച വിവരങ്ങളും വിവിധ സാങ്കേതിക വിവരങ്ങളും ലഭ്യമാക്കുന്നു.<br>5. കർഷകർക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും അവയുടെ റിപ്പയർ ജോലികൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നു.<br>6. യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് യന്ത്രോപകരണങ്ങളും തൊഴിലാളികളെയും ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ